പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4159 24/6/2019 ൽ മറുപടിക്ക്

## കന്നുകാലികൾക്ക് ഇൻഷ്വറൻസ്

ചോദ്യം

ശ്രീ.സി. ദിവാകരൻ:

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | മൃഗസംരക്ഷണവകുപ്പ് കന്നുകാലികൾക്കായി നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതികളുടെ വിശദാംശം നൽകുമോ; | എ) | കന്നുകാലികളുടെ മരണം, ഉൽപാദന ശേഷി, പ്രത്യുല്പാദന ശേഷി എന്നിവ നഷ്ടപ്പെടുന്നത് മൂലം കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽ തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളാണ് (നാഷണൽ ലൈവ് സ്റ്റോക്ക് മിഷൻ) എൻ.എൽ.എം (കേന്ദ്രാവിഷ്കൃത പദ്ധതി), ഗോസമൃദ്ധി (സംസ്ഥാനാവിഷ്കൃത പദ്ധതി) എന്നിവ.<br>മൃഗസംരക്ഷണ വകുപ്പ് നടപ്പുസാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഇൻഷ്വറൻസ് പദ്ധതികളാണ് കേരള സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് നിർവ്വഹണം നടത്തുന്ന ഗോസമൃദ്ധി 2019 -20, കേന്ദ്ര സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന എൻ .എൽ.എം 2018 -19 എന്നിവ.<br>കേരള സർക്കാരിന്റെ ഗോസമൃദ്ധി 2019 -20 പദ്ധതിക്കായി 5 കോടി രൂപയും, കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന എൻ.എൽ.എം 2018 -19 പദ്ധതിക്കായി 66.67 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.<br>ഈ പദ്ധതികളിലൂടെ പശുക്കളേയും, എരുമകളെയും, ഗർഭമുള്ള കിടാരികളെയും അതോടൊപ്പം ഉരുക്കളുടെ ഉടമകളായ കർഷകരേയും ഇൻഷ്വർ ചെയ്യുവാൻ ലക്ഷ്യമിടുന്നു. 1 വർഷം, 3 വർഷം എന്നീ കാലയളവുകളിലേക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ കർഷകർക്ക് അവരുടെ ആവശ്യാനുസരണം തിരഞ്ഞെടുക്കാവുന്ന രീതിയിലാണ് പദ്ധതി വിഭാവനം |

| | | | |
|---|---|---|---|
| | | | ചെയ്തിരിക്കുന്നത്. താല്പര്യപത്രം ക്ഷണിച്ച് കുറവ് നിരക്ക് ക്വോട്ട് ചെയ്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയെ നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുത്തിട്ടുണ്ട്.<br>2017-18 മുതൽ വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ വഴി സുതാര്യവും, കാര്യക്ഷമവുമായ പദ്ധതി നിർവ്വഹണം നടക്കുന്നതിനാൽ നടപ്പ സാമ്പത്തിക വർഷത്തെ പ്രീമിയം നിരക്കുകൾ മുൻ വർഷങ്ങളേക്കാൾ വളരെയേറെ കുറഞ്ഞിട്ടുണ്ട്. ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി, ഉരുക്കളുടെ ഇൻഷ്വറൻസിന് 2019-20 സാമ്പത്തിക വർഷത്തേക്ക് ഒരു വർഷ ഇൻഷ്വറൻസ് പരിരക്ഷക്ക് 2.15 %, മൂന്ന് വർഷ ഇൻഷ്വറൻസ് പരിരക്ഷക്ക് 5.419 % എന്ന നിരക്കുകളാണ് quote ചെയ്തിരിക്കുന്നത്.<br>ജനറൽ വിഭാഗത്തിന് പ്രീമിയം തുകയുടെ 50% വും, എസ്.സി / എസ്.ടി വിഭാഗത്തിന് 70% വും സർക്കാർ സബ്സിഡി നൽകിവരുന്നു.<br>ഉരുക്കളുടെ മരണം, ഉല്പാദന പ്രത്യുല്പാദന ക്ഷമതാ നഷ്ടം എന്നിവക്ക് പരമാവധി 65,000 /- രൂപ വരെയും, ഉരുവിന്റെ ഉടമയായ കർഷകന് അപകട മരണം, ഭാഗികമോ പൂർണ്ണമോ ആയ അംഗവൈകല്യം എന്നിവ സംഭവിച്ചാൽ 2 ലക്ഷം രൂപ വരെയും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുവാനും സാധിക്കുന്നു. ഇതിനായി ഉരുവിന്റെ ഉടമക്ക് ഇൻഷ്വറൻസിനായി ഒരു വർഷത്തേക്ക് 22 രൂപയും, മൂന്നു വർഷത്തേക്ക് 58 രൂപയും നൽകിയാൽ മതിയാകും.<br>പദ്ധതിനിർവ്വഹണം കേന്ദ്രീകൃതമായി സംസ്ഥാനതലത്തിൽ നടത്തുവാനും, ക്ലെയിമുകൾ ജില്ലാതലത്തിൽ തീർപ്പാക്കുവാനുമാണ് നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.<br>കർഷകർക്ക് പോളിസി, ക്ലെയിം എന്നിവ ലഭ്യമാക്കുന്ന പ്രക്രിയ പൂർണ്ണമായും ഓൺലൈനായി ചെയ്യുവാനും ലക്ഷ്യമിടുന്നു. ആയതുവഴി കർഷകർക്ക് ക്ലെയിമുകൾ സമയബന്ധിതമായി ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുവാനും സാധിക്കും.<br>നടപ്പ് സാമ്പത്തിക വർഷം ഗോസമൃദ്ധി, എൻ.എൽ.എം. പദ്ധതികൾ പ്രകാരം 42000 കന്നുകാലികളെ ഇൻഷ്വർ ചെയ്യുവാൻ ലക്ഷ്യമിടുന്നു. |

<table>
<tr>
<td>ബി)</td>
<td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര കന്നുകാലികളെ വിവിധ ഇൻഷുറൻസ് പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?</td>
<td>ബി)</td>
<td>
<table>
<tr><th>സ്കീമിന്റെ പേര്</th><th>ഇൻഷ്വർ ചെയ്ത ഉരുക്കളുടെ എണ്ണം (18 -06 -2019 നിലവച്ചുള്ളത് )</th><th>റിമാർക്സ്</th></tr>
<tr><td>എൻ.എൽ.എം 2016 -17</td><td>22149</td><td>കേന്ദ്ര ഫണ്ട്</td></tr>
<tr><td>ഗോസമൃദ്ധി 2017 -18</td><td>62352</td><td>സംസ്ഥാന ഫണ്ട്</td></tr>
<tr><td>എൻ.എൽ.എം പ്ലസ് 2017 -18</td><td>7596</td><td>കേന്ദ്ര ഫണ്ട്</td></tr>
<tr><td>ഗോസമൃദ്ധി പ്ലസ് 2018 -19</td><td>32507</td><td>സംസ്ഥാന ഫണ്ട്</td></tr>
<tr><td>ആകെ</td><td>124604</td><td></td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ